(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-9/651/2017


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി

തൊടുപുഴ, തീയതി.02.06.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in


സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

കാഞ്ചിയാർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കാഞ്ചിയാർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-9/651/2017

തീയതി:02.06.2017

## ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമപഞ്ചായത്തിന്റെ 2016-2017സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 16.8.2016 മുതൽ 21.5.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീമതി.സിനി എം.വി.ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 22.5.2017 മുതൽ 27.5.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.എം.കെ.മധുസൂദനൻ നായർ,ഓഡിറ്റ് ഓഫീസർ |
| | | ശ്രീ. ജിബി ഇ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി അനീറ്റ പി.സാമുവൽ, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ. ജോമോൻ ഫ്രാൻസിസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ മാത്യു ജോർജ് | 01.4.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീമതി പി.ടി. ഷൈലജ | 01.4.2016 മുതൽ 31.3.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി ശ്രീന എം | 01.4.2016 മുതൽ 31.3.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എം.ഡി.ശാന്ത | 01.4.2016 മുതൽ 30.08.2016 വരെ |
| | ശ്രീ എസ് അജിത് | 01.9.2016 മുതൽ 31.3.2017 വരെ |
| ഹെഡ് മാസ്റ്റർ,<br>ജി ടി എൽ പി എസ് കാഞ്ചിയാർ | ശ്രീമതി കാതറിൻ ജമ്മ | 01.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ<br>(ഐ.എസ്.എം) | ഡോ.ധന്യ ടി ഗോപാലൻ | 01.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ.രാജേഷ് ബി നായർ | 01.4.2016 മുതൽ 31.3.2017 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ബീന എം എസ് | 01.4.2016 മുതൽ 9.9.16 വരെ<br>1.1.17 മുതൽ 16.1.17 വരെ |
| | ഡോ. ബിന്ദു എസ് | 17.1.17 മുതൽ 21.1.17 വരെ<br>10.9.16 മുതൽ 31.12.16 വരെ |
| | ഡോ.മണിയമ്മ എസ്.ജെ | 22.1.17 മുതൽ 31.3.17 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ടെസ്സി സബിത | 01.4.2016 മുതൽ 31.3.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി രശ്മി വിജയൻ | 01.4.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ശ്രീമതി ലിസ്സിക്കുട്ടി തോമസ് | 1.4.16മുതൽ 30.6.16വരെ |
| | ശ്രീമതി ഇന്ദുലേഖ റ്റി ആർ | 1.7.16മുതൽ 26.7.16വരെ |
| | ശ്രീമതി അഞ്ജു തോമസ് | 27.7.2016 മുതൽ 31.3.2017 വരെ |
| വി.ഇ.ഒ | ശ്രീ അർ ഹരികുമാരൻ പിള്ള | 01.4.2016 മുതൽ 31.3.2017 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളുടെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല- വരുമാനത്തിൽ നഷ്ടം | 2-1 |
| 14 | വസ്തുനികുതി- യഥാർത്ഥ കണക്കുകൾ ലഭ്യമല്ല | 2-2 |
| | ഭാഗം -3 | |
| 15 | കെട്ടിടങ്ങളുടെ വൈദ്യുതീകരണം- പദ്ധതി നടത്തിപ്പിലെ അപാകത | 3-1 |
| 16 | ചെലവഴിക്കാത്ത തുക തിച്ചടയ്ക്കാത്തത് | 3-2 |
| 17 | പദ്ധതി നടത്തിപ്പിലെ അപാകതകൾ | 3-3 |
| 18 | ആശ്രയ പദ്ധതിക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു | 3-4 |
| 19 | ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല | 3-5 |
| 20 | തൊഴിലുറപ്പ് പദ്ധതി -വാറ്റ് ഈടാക്കിയില്ല. | 3-6 |
| | ഭാഗം -4 | |
| 21 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 22 | ഡെപ്പോസിറ്റ് വർക്കിന് നൽകിയത് | 4-2 |
| 23 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |

| | | |
|---|---|---|
| 24 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 25 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 26 | ഓഡിറ്റ് റിക്കവറി | 4-6 |
| 27 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 28 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 29 | തീർപ്പാക്കാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 30 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം -1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 30.03.2016-തിയതിയിലെ 1-ആം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 29.4.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11537333 |
| വരവ് | 66798627 |
| ആകെ | 78335960 |

| | |
|---|---|
| ചെലവ് | 64583912 |
| നീക്കിയിരിപ്പ് | 13752048 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15156062 | 15156062 | 12494666 | 2661396 | 82.44 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2895219 | 2895219 | 2815319 | 79900 | 97.24 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 3235062 | 3235062 | 2880188 | 354874 | 89.03 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9481221 | 9481221 | 4410555 | 5070666 | 46.52 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3987399 | 3987399 | 3917568 | 69831 | 98.25 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8500314 | 8500314 | 7354400 | 1145914 | 86.52 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 5160605 | 5160605 | 4826166 | 334439 | 93.52 |
| എം.എൻ.ആർ.ഇ.ജി.എസ്. | 1034 | 19647114 | 19648151 | 19469964 | 178187 | 99.09 |
| ബി ഫണ്ട് | 0 | 28916405 | 28916405 | 28916405 | 0 | 100.00 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 232 | 63926639 | 158 | 43989898 | 61 | 13 | 68.8 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. തെരുവുനായ നിയന്ത്രണം
2. വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം
3. പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകം
4. പഞ്ചായത്ത് ഓഫീസിന് എൽ സി ഡി പ്രൊജക്ടർ

5. കുഞ്ചുമല കുടിവെള്ള പദ്ധതി
6. മനക്കൽപറമ്പിൽ കുടിവെള്ള പദ്ധതി
7. അഞ്ചുരുളി ടോയിലെറ്റ് കോംപ്ലക്സ്
8. മേപ്പാറ അംഗനവാടി കുഴൽകിണർ
9. ചൂരക്കാട്ട് കല്ല്യാണത്തണ്ട് റോഡ്
10. കിഴക്കേമാട്ടുക്കട്ട എസ്.റ്റി.കോളനി നടപ്പാത
11. വെട്ടുത്തുപടി ഇലക്ട്രിക് പോസ്റ്റ്
12. പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി
13. ലബ്ബക്കട അലോട്ട് കോളനി കുടിവെള്ള പദ്ധതി

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു ഫണ്ടിൽ താഴെ സൂചിപ്പിക്കും പ്രകാരം 52.60% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3082584 | 4901279 | + 1818695 | + 58.99 |
| നികുതിയേതര വരവുകൾ | 541034 | 1275551 | +734517 | +135.76 |
| മറ്റുവരവുകൾ | 664801 | 367459 | - 297342 | - 44.72 |
| ആകെ | 4288419 | 6544289 | 2255870 | 52.60 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12600 | 7 |
| കർഷകതൊഴിലാളി പെൻഷൻ | 1230450 | 137 |

| | | |
|---|---|---|
| വിധവാപെൻഷൻ | 7211260 | 742 |
| വാർദ്ധക്യകാലപെൻഷൻ | 18009990 | 1829 |
| വികലാംഗപെൻഷൻ | 2261905 | 246 |
| 50 വയസ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 100200 | 13 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.5.2017ൽ സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹3442/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ആസ്തി രജിസ്റ്ററിൽ കൂട്ടിച്ചേർക്കലുകൾ നടത്തി കാലികമാക്കിയിട്ടില്ല. ഓഫീസ് ഉത്തരവ് മുഖേന ജോലികൾ കൃത്യമായി വിഭജിച്ച് നല്കിയിട്ടുണ്ട്. ഓഫീസ് മീറ്റിംഗുകൾ എല്ലാ മാസവും കൂടി പ്രവർത്തന പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.4.2017 | 02/17, 03/17 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 11.2.2016 മുതൽ 25.2.2016 വരെ | 2010-11 മുതൽ 2014-15 വരെ | 24.3.2016 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്

1)ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

2) വസ്തുനികുതി കുടിശ്ശികയ്ക്ക് തൻ വർഷത്തെ കണക്കുപ്രകാരമുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നില്ല – വരുമാനത്തിൽ നഷ്ടം

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഡി & ഒ ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കാത്തതിനാൽ ഈ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാകുന്നു. താഴെ പറയുന്ന വാർഡുകളിലെ വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ ഡി & ഒ ലൈസൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയം നടത്തിയിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും ലൈസൻസ് എടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണവും തമ്മിൽ ഗണ്യമായ വ്യത്യാസമുള്ളതായി കാണുന്നു. ചുവടെ ചേർത്തിരിക്കുന്ന പട്ടിക കാണുക.

| വാർഡ് | വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതിനിർണ്ണയിച്ച സ്ഥാപനങ്ങളുടെ എണ്ണം | ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| 10 | 76 | 11 |
| 14 | 131 | 13 |
| 16 | 15 | 1 |
| 8 | 89 | 17 |
| 3 | 82 | 12 |
| 4 | 40 | 11 |
| 6 | 50 | 9 |

ഏഴ് വാർഡുകളിലെ സ്ഥാപനങ്ങൾ പരിശോധിച്ചതിൽ 15 % മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ചയുണ്ടായിരിക്കുന്നു. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടില്ലാത്തതിനാൽ ഡി & ഒ ലൈസൻസ് ഫീസ് ഇനത്തിലും സ്ഥാപന തൊഴിൽ നികുതി ഇനത്തിലും ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിക്കുന്നു. എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി കണക്കുകൾ കാലികമല്ല

ഗ്രാമ പഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സായ വസ്തുനികുതി സംബന്ധിച്ച അടിസ്ഥാന വിവരം സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമാണ് സൂക്ഷിക്കുന്നത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ വസ്തുനികുതിയുടെ യഥാർത്ഥ കണക്കിനെ പ്രതിഫലിപ്പിക്കുന്നില്ല. വസ്തുനികുതി തൻ വർഷം വരവ്, കുടിശ്ശിക എന്നിവയുടെ യഥാർത്ഥ കണക്ക് ലഭ്യമാകാത്ത സാഹചര്യം ഭരണ സമിതി ഗൗരവമായി വീക്ഷിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 കെട്ടിടങ്ങളുടെ വൈദ്യുതീകരണം- പദ്ധതി നടത്തിപ്പിലെ അപാകത

കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതീകരണം നടത്തുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. എന്നാൽ വയറിംഗ് മാത്രമാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നടത്തിയിട്ടുള്ളത്. വൈദ്യുതി കണക്ഷൻ എടുക്കുതിനുള്ള തുക കൂടി ഉൾപ്പെടുത്തി പ്രോജക്ട് നടപ്പാക്കാത്തതിനാൽ വയറിംഗ് നടത്തിയ പ്രസ്തുത കെട്ടിടങ്ങളിൽ നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിനായി തുടർ വർഷം പദ്ധതി ഏറ്റെടുത്തിട്ടില്ല. ആയതിനാൽ നിലവിൽ നടപ്പാക്കിയ പദ്ധതികൊണ്ട് യാതൊരു പ്രയോജനവും ലഭിച്ചിട്ടില്ല. ഈ പദ്ധതികളുടെ പൂർത്തീകരണത്തിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ (₹) | ബിൽ നം./തീ. | തുക (₹) |
|---|---|---|---|---|
| 1 | S0130/17, നരിയമ്പാറ അമ്പലം ഭാഗം അംഗൻവാടി വൈദ്യുതീകരണം | 40000 | 50/16-17/18.03.2017 | 35622 |
| 2 | S0129/17, തപോവൻ അംഗൻവാടി വൈദ്യുതീകരണം | 40000 | 52/16-17/17.03.2017 | 38552 |
| 3 | S0133/17, കിഴക്കേ മാട്ടുക്കട്ട അംഗൻവാടി വൈദ്യുതീകരണം | 40000 | 54/16-17/17.03.2017 | 38887 |
| 4 | S0134/17, കോഴിമല രാജപുരം അംഗൻവാടി വൈദ്യുതീകരണം | 40000 | 60/16-17/17.03.2017 | 40000 |
| 5 | S0132/17, ലബ്ബക്കട അംഗൻ വാടി വൈദ്യുതീകരണം | 40000 | 107/161/31.03.2017 | 35030 |
| 6 | S0131/17, പുതിയപാലം അംഗൻവാടി വൈദ്യുതീകരണം | 40000 | 101/16-17/31.03.2017 | 36603 |
| 7 | S0135/17, | 75000 | 92/16-17/31.03.2017 | 71991 |

| | | | | |
|---|---|---|---|---|
| | മേപ്പാറ സാംസ്കാരിക നിലയം വൈദ്യുതീകരണം | | | |
| 8 | 0137/17,<br>ലബ്ബക്കട ഹോമിയോ ഡിസ്പെൻസറി വൈദ്യുതീകരണം | 100000 | 49/16-17/17.03.2017 | 92979 |

## 3-2 ചെലവഴിക്കാത്ത തുക തിരിച്ചടയ്ക്കാത്തത്

| | |
|---|---|
| പ്രോജക്റ്റ് | S0100/17, ബാലസഭാ പ്രവർത്തനങ്ങൾ |
| നിർവ്വഹണം | അസി. സെക്രട്ടറി |
| ബിൽ നം./ തീയതി | എ1-100/17 തീ. 23.03.2017 |
| തുക | 35000 |

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 06.05.2015 ലെ ജി.ഒ.(ആർ.റ്റി.)1363/15 നമ്പർ ഉത്തരവ് പ്രാകാരം കുട്ടികളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി കുടുംബശ്രീ രൂപീകരിച്ചിട്ടുള്ള ബാലസഭയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ₹35000/- വരെ ചെലവഴിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ ഈ ഇനത്തിൽ ₹30000/- ചെലവഴിച്ചിട്ടുണ്ട്. ചെലവഴിക്കാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന ₹5000/- സഞ്ചിത നിധിയിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

## 3-3 പദ്ധതി നടത്തിപ്പിലെ അപാകതകൾ

എസ്.സി., എസ്.ടി വിദ്യാർത്ഥികൾക്ക് സൈക്കിൾ, ഫർണിച്ചർ എന്നിവ വിതരണം ചെയ്യുവാനായി ആവിഷ്കരിച്ച പദ്ധതിയിൽ വാങ്ങിയ സൈക്കിളുകൾ എല്ലാം വിതരണം ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1) പ്രോജക്റ്റ് നം. | S0104/17, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ/ സൈക്കിൾ |
| നിർവ്വഹണം | അസി. സെക്രട്ടറി |
| ബിൽ നം./ തീയതി | എ1-104/17 തീ. 10.03.2017 |
| തുക | 109050 |

മേൽ പദ്ധതി പ്രകാരം ആകെ 10 സൈക്കിളുകൾ വാങ്ങിയതിൽ മൂന്ന് ഗുണഭോക്താക്കൾക്കുള്ള സൈക്കിളുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | സന്ദീപ് ശശികുമാർ,<br>വാഴപ്പറമ്പിൽ, കോഴിമല | 4950 |
| 2 | ഉണ്ണിക്കുട്ടൻ ശ്രീനിവാസൻ, | 4950 |

| | | |
|---|---|---|
| | താന്നിക്കൽ, തൊവരയാർ | |
| 3 | അശ്വിൻരാജ്, ഈട്ടിക്കൽ,<br>തൊപ്പിപ്പാള | 4950 |

| | |
|---|---|
| 2)പ്രോജക്ട് നം. | S0103/17, പട്ടിക ജാതി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ/ സൈക്കിൾ |
| നിർവ്വഹണം | അസി. സെക്രട്ടറി |
| ബിൽ നം./ തീയതി | എ1-103/17 തീ. 10.03.2017 |
| തുക | 90450 |

ഈ പദ്ധതി പ്രകാരം വാങ്ങിയ 15 സൈക്കിളുകളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾക്കുള്ള 2 സൈക്കിളുകൾ ഇതുവരെയും വിതരണം ചെയ്തിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | സ്നേഹാമോൾ വാസുക്കുട്ടൻ,<br>കല്ലറയ്ക്കൽ | 4950 |
| 2 | അഞ്ജനാദേവി ബി.എ.,<br>വലരിമാക്കൽ, കാഞ്ചിയാർ | 4950 |

ഗുണഭോക്താക്കളുടെ അർഹത ഉറപ്പുവരുത്തി വിതരണം ചെയ്യുവാൻ അവശേഷിക്കുന്ന 5 സൈക്കിളുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 ആശ്രയ പദ്ധതിക്കായി ലഭിച്ച തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

ആശ്രയ പദ്ധതിക്ക് വിനിയോഗിക്കുന്നതിനായി കുടുംബശ്രീക്ക് നൽകിയിട്ടുള്ള തുക സമയബന്ധിതമായി വിനിയോഗിക്കുന്നില്ല.ആശ്രയ പദ്ധതിക്കായുള്ള കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.196 ൽ 31.03.2017ൽ ₹ 2511997/- അവശേഷിക്കുന്നു. തുക ചെലവഴിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ കുടുംബശ്രീയുടെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിനായി ഒരേസമയം രണ്ട് അക്കൗണ്ട് സൂക്ഷിക്കുന്നു. ഇതിൽ കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്കിലെ 5362 നമ്പർ അക്കൗണ്ടിൽ ₹668264/- നിക്ഷേപം ഉണ്ടെങ്കിലും വളരെ കാലമായി ഇടപാടുകൾ ഒന്നും നടത്തുന്നില്ല. പ്രസ്തുത അക്കൗണ്ട് ക്ലോസ് ചെയ്ത് തുക തനത് ഫണ്ട് ഇടപാടുകൾ നടത്തുന്ന അക്കൗണ്ടിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. 2016-17ൽ

ആരംഭിച്ചിട്ടുള്ള ആശ്രയ രണ്ടാംഘട്ട പദ്ധതിക്കായുള്ള കാഞ്ചിയാർ സർവ്വീസ് സഹകരണ ബാങ്കിലെ 584 നമ്പർ അക്കൗണ്ടിൽ ₹ 323277/- ചെലവഴിക്കാതെ അവശേഷിക്കുന്നു. കുടുംബശ്രീക്ക് നിർവ്വഹണത്തിനായി ലഭിക്കുന്ന തുകകൾ സമയബന്ധിതമായി ചെലവഴിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-5 ഹോമിയോ ആശുപത്രിക്ക് മരുന്ന് ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0074/17, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| ബിൽ നം./തീയതി | 2/16-17 തീ. 21.02.2017 |
| തുക | 200000 |

ഹോമിയോ ആശുപത്രിക്കായി മരുന്ന് വാങ്ങുന്നതിന് കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് ₹200000/- നൽകിയിട്ടുണ്ട്. പി.എഫ്.299 തീ.28.01.2017 പ്രോഫോർമയിലെ മരുന്നുകൾക്കായി ചെലവഴിച്ച മേൽ തുകയ്ക്ക് മരുന്ന് ലഭ്യമാക്കാത്തതിനാൽ ₹200000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 തൊഴിലുറപ്പ് പദ്ധതിയിൽ നടത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് 2016-2017 വർഷം സാധനങ്ങൾ സപ്ലൈ ചെയ്ത കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയില്ല.

2016-2017 വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റിംഗ് നടത്തുന്നതിനായി വിവിധ സാധനങ്ങൾ കരാറുകാർ സപ്ലൈ ചെയ്തിട്ടുണ്ട്. ടിൻ നമ്പർ ഉള്ള കരാറുകാർ മറ്റു സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങി വിതരണം ചെയ്തിരിക്കുകയാണ്. സ്വന്തം പേരിലുള്ള വാറ്റ് ബില്ലിനു പകരം സാധനങ്ങൾ വാങ്ങിയ സ്ഥാപനങ്ങളുടെ ബില്ലുകൾ ഹാജരാക്കിയ വിതരണക്കാർക്ക് 14.50% നിരക്കിൽ വാറ്റ് കിഴിക്കാതെ ബില്ല് പ്രകാരമുള്ള തുക പൂർണമായും നൽകിയത് ക്രമവിരുദ്ധമാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കരാറുകാരന്റെ പേര് | 40എം.എം. മെറ്റൽ വില ₹ | 20എം.എം. മെറ്റൽവില ₹ | 10എം.എം. മെറ്റൽവില ₹ | എം സാൻഡ് വില ₹ | സിമന്റ് വില ₹ | ആകെ ₹ | വാറ്റ് ₹ @14.50% |
|---|---|---|---|---|---|---|---|
| പ്രിൻസ് ചെറിയാൻ | 92979 | 102251 | 21342 | 262302 | 413080 | 891954 | 129333 |
| ജയൻ ജേക്കബ് | 89468 | 98390 | 20537 | 252396 | 397440 | 858231 | 124443 |
| ബിബി സ്കറിയ | 102739 | 112985 | 23583 | 289846 | 456780 | 985933 | 142960 |
| രോഹിത് ജി നായർ | 22454 | 24693 | 5154 | 63346 | 99820 | 215467 | 31243 |

| | |
|---|---|
| ആകെ | 427979 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5 ന് നൽകിയ മറുപടിയിൽ കരാറുകാർ എല്ലാവരും ടിൻ നമ്പർ ഉള്ള അംഗീകൃത വിതരണക്കാരാണ് എന്ന വ്യക്തമാക്കിയിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിന്റെ ഫോം നമ്പർ 1എ- രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, ഫോം നമ്പർ 1 ഇ -കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനൊപ്പമുള്ള അനക്സറിൽ പരാമർശിച്ചിരിക്കുന്ന സാധനങ്ങളാണ് വിതരണം ചെയ്തിരിക്കുന്നത്. എന്നാൽ ഫോം നമ്പർ 8ബി -വാറ്റ് ബിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2360000/-രൂപ വരവുണ്ട്. 2000000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഹൗസിംഗ് സ്കീം | 229/2010 തീ. 21.1.2010 | 17800000 | 6020000 | 1000000 | - | 5020000 |
| ജവഹർ ഹൗസിംഗ് സ്കീം | 267/ഡി.ബി1/15 തസ്വഭവ തീ. 28.9.15 | 10000000 | 9600000 | 1000000 | 491146 | 8600000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച വരവിൽ ₹ 26496 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 2-1 | 714 | എം എസ് സെബാസ്റ്റ്യൻ, മൂക്കൻതോട്ടത്തിൽ | 11620100312/19.4.16 |
| 2013-14 | 2-1 | 714 | ശോശാമ്മ ചാക്കോ, കടുപ്പിൽ | 11620100313/19.4.16 |
| 2002-03 | 3-15 | 24900 | ഒ എസ് സഹദേവൻ, റിട്ട. വി ഇ ഒ | 11620101067/1.8.16 |
| 1996-97 | 4-1 | 168 | പി എച്ച് സൽമ, യു.ഡി.ക്ലർക്ക് | 11620102608/12.1.17 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3-2 | 2006-07 | 3.37.1 | കമ്പ്യൂട്ടർ വാങ്ങൽ ₹54536 നിരാകരണം | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2003-04 | 3-1 | 2006-7 | 3.35.2 | ഫയലുകൾ ഹാജരാക്കിയില്ല | റവന്യൂ റിക്കവറി നോട്ടീസ് നൽകി |
| 2002-03 | 3-15 | 2006-7 | 3.35.2 | ഫയലുകൾ ഹാജരാക്കിയില്ല | ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഫയലുകൾ ഹാജരാക്കി |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 66798627 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 64583912 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 200000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 200000 | ഡോ.മണിയമ്മ, മെഡിക്കൽ ഓഫീസർ (ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസംഇല്ല | | |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഐ-06/149/9830.06.1998 |
| 1997-98 | എൽ.എഫ്.ഐ-06/723/99/28.09.2000 |
| 1998-99 | എൽ.എഫ്.ഐ-06/261/00/30.12.2000 |
| 1999-00 | എൽ.എഫ്.ഐ-06/198/2001/31.10.2001 |
| 2000-01 | എൽ.എഫ്.ഐ-06/81/2004/09.06.2004 |
| 2001-02 | എൽ.എഫ്.ഐ-06/282/2004/13.12.2003 |
| 2002-03 | എൽ.എഫ്.ഐ-06/386/2006/30.11.2006 |
| 2003-04 | എൽ.എഫ്.ഐ-08/227/2007/30.03.2007 |
| 2004-05 | എൽ.എഫ്.ഐ-08/877/2007/05.04.2008 |
| 2005-06 | എൽ.എഫ്.ഐ-08/905/2007/11.04.2008 |
| 2006-07 | എൽ.എഫ്.ഐ-08/539/2008/03.11.2008 |
| 2007-08 | എൽ.എഫ്.ഐ-08/1003/2009/08.07.2010 |
| 2009-10 | എൽ.എഫ്.ഐ-09/976/2011/30.05.2012 |
| 2010-11 | എൽ.എഫ്.ഐ-09/129/2013/04.10.2013 |
| 2011-12 | എൽ.എഫ്.ഐ-09/1384/2013/11.07.2014 |
| 2012-13 | എൽ.എഫ്.ഐ-09/1327/2014/15.12.2014 |
| 2013-14 | എൽ.എഫ്.ഐ-09/950/2015/12.08.2015 |

| | |
|---|---|
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-9/90/5.3.16 |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-9/1332/19.09.2016 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഐ.ഡി.കെ-9/651/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
തൊടുപുഴ, തീയതി:02.06.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ചിയാർ ഗ്രാമ പഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യപത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

KSAIDK-9/651/2017

Kerala State Audit Department
District Audit Office, Idukki
Thodupuzha, Dated:02.06.2017
Ph:04862-227332
E-mail:doidk.ksad@kerala.gov.in

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kanchiyar Grama Panchayat in Idukki District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994 ,the rules made there under and the guidelines issued by the Comptroller and Auditor General of India for purpose of audit of accounts of Panchayat Raj Institution.

In my opinion, the Financial Statements of Kanchiyar Grama Panchayat for the year 2016-17 expect observations in my Audit Report properly presents the picture of income & expenditure.

DEPUTY DIRECTOR
IDUKKI.